**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4521** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന പദ്ധതിവിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | പദ്ധതിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ പട്ടികജാതിയിൽ പ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യമാണെങ്കിൽ ജാതി, വരുമാനം, പദ്ധതി പ്രകാരമുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ചുകൊണ്ടാണ് അനുവദിക്കുന്നത്. പൊതുവായ ഭൗതിക സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ (റോഡ്, കുടിവെള്ളം, വൈദ്യുതി) ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും പരിഗണിച്ച് 51% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉറപ്പ് വരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്ത് നിയമിക്കപ്പെട്ടവരാണ് പട്ടികവർഗ്ഗ പ്രമോട്ടർമാർ. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്ത് മിനിറ്റ്സ് രേഖപ്പെടുത്തി ഊരുമൂപ്പന്റെ സാക്ഷ്യപ്പെടുത്തലോടു കൂടിയാണ് പട്ടിക തയ്യാറാക്കുന്നത്. ഇതിൽ പട്ടികവർഗ്ഗ പ്രമോട്ടർമാർ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന |

| | | | |
|---|---|---|---|
| | | | വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും പ്ലാൻ സ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് സാമ്പത്തിക ഭൗതിക സ്ഥിതി വിവരങ്ങൾ വിലയിരുത്തുന്നതിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നതാണ് |
| (ബി) | അർഹരായ വ്യക്തികൾ വകുപ്പ് നിഷ്കർഷിക്കുന്നതായ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നിഷ്കർഷിക്കുന്നതായ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചിട്ടുണ്ടോ എന്നത് വകുപ്പിന്റെ ഇന്റേണൽ ആഡിറ്റ് വിംഗ് പരിശോധനയുടെ ഭാഗമായി ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. പദ്ധതിയിൽ നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിനും ആനുകൂല്യങ്ങൾ സമയബന്ധിതമായി പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഭവന നിർമ്മാണം പോലുള്ള പദ്ധതികളുടെ തുടർ ഗഡു പ്രവർത്തന പുരോഗതി വിലയിരുത്തി മാത്രമാണ് അനുവദിക്കുന്നത്. |
| (സി) | ഒരേ ആവശ്യത്തിന് തന്നെ പലതവണ ഒരു ഗുണഭോക്താവ് അർഹത നേടുകയും പദ്ധതി വിഹിതം കൈപ്പറ്റുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങളിൽ അനുവർത്തിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | അനർഹമായി പദ്ധതി വിഹിതം കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ പരമാവധി ശ്രദ്ധ വകുപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ